**ടാക്സ് ടവർ ,കരമന**
**കിള്ളിപ്പാലം, തിരുവനന്തപുരം**
**തീയതി :29-07-2025**

# സംസ്ഥാന ചരക്ക്സേവന നികുതി വകുപ്പ്

## പത്രക്കുറിപ്പ്

## GSTR-3B റിട്ടേൺ ഇനി മുതൽ ലോക്ക് ആകുന്നു.

തിരുവനന്തപുരം: റെഗുലർ നികുതിദായകർ ഫയൽ ചെയ്യേണ്ട **2025** ജൂലൈ മാസത്തെ **GSTR-3B** റിട്ടേൺ മുതൽ, ഓട്ടോ പോപ്പുലേറ്റഡ് ആകുന്ന വിവരങ്ങൾ തിരുത്താൻ കഴിയുകയില്ല.

നിലവിൽ **GSTR-1 /GSTR-1A / IFF** എന്നിവയിൽ രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ **GSTR-3B** യിൽ നികുതി ബാധ്യത സംബന്ധിച്ച വിവരങ്ങൾ ഓട്ടോ പോപ്പുലേറ്റഡ് ആകുമെങ്കിലും നികുതിദായകർക്ക് **GSTR-1** ഫയൽ ചെയ്യുമ്പോൾ സംഭവിച്ച തെറ്റുകൾ അല്ലെങ്കിൽ രേഖപ്പെടുത്തിയ വിവരങ്ങൾ **GSTR-3B** യിൽ തിരുത്തിയ ശേഷം ഫയൽ ചെയ്യാവുന്നതും നികുതി ഒടുക്കാവുന്നതുമാണ്. **2024** ജൂലൈ മുതൽക്കു തന്നെ **GSTR-1** ൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ തെറ്റ് സംഭവിക്കുകയോ, കുറവ് വരുകയോ ചെയ്യുന്ന സന്ദർഭങ്ങളിൽ ആയത് തിരുത്തുവാൻ വേണ്ടി **GSTR-1A** നടപ്പിലാക്കിയിട്ടുള്ളതുമാകുന്നു. **GSTR-1A** പ്രാബല്യത്തിലുള്ളതിനാൽ ഒരു നികുതിദായകന് **GSTR-1** ഫയൽ ചെയ്യുമ്പോൾ സംഭവിച്ച തെറ്റുകൾ **GSTR-3B** യിലൂടെ തിരുത്തേണ്ട ആവശ്യം നിലവിലില്ല.

പ്രസ്തുത സാഹചര്യത്തിൽ **2025** ജൂലൈ മാസത്തെ റിട്ടേൺ മുതൽ **GSTR-3B** യിൽ ഓട്ടോ പോപ്പുലേറ്റഡ് ആകുന്ന വിവരങ്ങൾ നികുതിദായകർക്ക് **GSTR-3B** യിൽ തിരുത്തുവാൻ കഴിയുകയില്ല. എന്നാൽ, **GSTR 3B** ഫയൽ ചെയ്യുന്നതിന് മുമ്പ് അതേ നികുതി കാലയളവിലേക്ക് **GSTR 1A** വഴി ഭേദഗതികൾ

വരുത്തിക്കൊണ്ട് നികുതിദായകർക്ക് അവരുടെ ഓട്ടോ പോപ്പുലേറ്റഡ് ബാധ്യതയിൽ ഭേദഗതി വരുത്താൻ സാധിക്കുന്നതാണ്.

പ്രസ്തുത വിവരം ബന്ധപ്പെട്ട എല്ലാ നികുതിദായകരും ശ്രദ്ധിക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ അറിയിച്ചു.

SD/-

SREELAKSHMI R IAS
ADDITIONAL COMMISSIONER